# മരുന്നു മാഫിയ കേരളം രോഗാലയമാക്കുന്നു



**ഡോ.ജോർജ് എബ്രഹാം**

മലയാളിയുടെ രണ്ടു ബലഹീനതകൾ – സമ്പാദ്യം മുഴുവനും വസ്തുവും വിറ്റു മക്കൾക്ക് ഉന്നത വിദ്യാഭാസം നേടിക്കൊടുക്കുക, കിടപ്പാടം പണയ പ്പെടുത്തിയും ഉറ്റവർക്കും ഉടയവർക്കും ലഭ്യമായതിൽ വച്ചേറ്റവും മെച്ചമായ ചികിത്സ തേടുക – ഇവ രണ്ടും ഇന്നു നിരന്തര ചൂഷണത്തിനു വിധേയമായിക്കൊണ്ടി രിക്കുന്നു. മക്കൾ നല്ല നിലയിൽ ജീവിക്കുമല്ലോ എന്നോർത്ത് സന്തോ ഷത്തോടെ ആദ്യത്തേത് ചെയ്യുമ്പോൾ, രണ്ടാമത്തേത് ചെയ്യുവാൻ നാം നിർബ ന്ധിതരാക്ക പ്പെ ടുന്നു.

ഈയിടെ ഒരു സഹപാഠിയെ വഴിയിൽ വച്ച് കണ്ടു. വിശേഷങ്ങൾക്കിടയിൽ മക്കളെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, "ഒരാളേയുള്ളൂ, അവൻ എംടെക് കഴിഞ്ഞു എറണാകുളത്തൊരു അമേരിക്കൻ കമ്പനിയിൽ രണ്ടു വർ ഷമായി ജോലിയായിരുന്നു. കഴിഞ്ഞ വർഷം അവനതു കളഞ്ഞു. ഇപ്പോൾ ഒരു മരുന്നു കമ്പനിയുടെ റെപ്രസെന്റേറ്റീവായി ആയി ബൈക്കിൽ കറങ്ങി നടക്കുന്നു. എറണാകുളത്തെ അവന്റെ പഠിച്ച മേഖലയിലെ കമ്പ്യൂട്ടർ എഞ്ചി നീയർ ജോലിയിൽ അറുപത്തയ്യായിരം രൂപ മാസം ശമ്പളം കിട്ടിയിടത്തു ഇ പ്പോൾ ശമ്പളവും കമ്മീഷനുമായി പ്രതിമാസം മൂന്നര ലക്ഷം കയ്യിൽ വരുന്നു. എഞ്ചിനീയർ ജോലി കളഞ്ഞത് എന്തിനാണെന്ന് ഞാൻ അവനോടു ചോദി ക്കണോ ?".

മൂന്നു വർഷം മുമ്പ് എന്റെ മാതാവിന് അസഹ്യമായ കാൽമുട്ടു വേദനയും നടക്കാൻ പ്രയാസവും ആയപ്പോൾ മുട്ടുമാറ്റിവക്കൽ ശസ്ത്രക്രിയ നടത്തി. ഒരാഴ്ചത്തെ ആശുപത്രി ചിലവുൾപ്പടെ മൂന്നു ലക്ഷം ബില്ലടച്ചു. ഈയിടെ ഒരു ബന്ധുവിനുവേണ്ടി അതേ ആശുപത്രിയിൽ വിളിച്ചു ചോദിച്ചപ്പോൾ ഒരാഴ്ചത്തെ ആശുപത്രിതാമസം ഉൾപ്പടെ എട്ടര ലക്ഷമാകും, പക്ഷെ രണ്ടാമത്തെ കേ സ് ആയതു കൊണ്ടു അമ്പതിനായിരം രൂപ കുറക്കാം എന്നു പറഞ്ഞു.

സ്വന്തം ആവശ്യത്തിനായി കഴിഞ്ഞ ആഴ്ച കോട്ടയത്തൊരു മരുന്നു കടയിൽ നിന്നു നൂറ്റിമുപ്പതു രൂപ കൊടുത്തു സാൽബ്യൂട്ടമോൾ ഇൻഹേലർ വാങ്ങി.

കയ്യിൽ കിട്ടിയപ്പോൾ മരുന്നു ഗവേഷണ രംഗത്ത് പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിൽ സംശയം തോന്നിയതുകൊണ്ട് കാശു പോയാലും വേണ്ടില്ല ഒന്നു പരീക്ഷിക്കാമെന്നു വച്ചു. ഇൻഹേലർ തീരുന്നതു വരെ വെറുതെ അടിച്ചു നോക്കി. ഇരുന്നൂറു മീറ്റേർഡ് ഡോസ് എന്നുഴുതിയിരി ക്കുന്നിടത്തു മുപ്പതു ഡോസ് കഷ്ടി. മറ്റൊന്നുകൂടി വാങ്ങി ഉപയോഗിച്ചു. ശ്വാസംമുട്ടു കുറയുന്നില്ല എന്നു മാത്രമല്ല ഇൻഹേലർ ശരിക്കു പമ്പ് ചെയ്യാത്തതുകൊണ്ടു വേണ്ട ഡോ സ് കിട്ടുന്നുമില്ല.

സുഹൃത്തിന്റെ മെഡിക്കൽ റെപ് ആയ മകന്റെ മൂന്നര ലക്ഷം മാസ വരുമാനത്തിന്റെ പിന്നാമ്പുറക്കഥ അറിയാൻ, കൂടെ പഠിച്ചു ഇപ്പോൾ കേരളത്തിലെ ഒരു മെഡിക്കൽ കോളേജിൽ മെഡിസിൻ പ്രൊഫസ്സറായ, വൈകുന്നേ രങ്ങളിൽ രോഗികളെ വീട്ടിലും നോക്കുന്ന അടുത്ത സുഹൃത്തിനെ ഫോണിൽ വിളിച്ചു. അടുപ്പമുള്ളതുകൊണ്ടു അദ്ദേഹം ഒരു സത്യം പറഞ്ഞു. ദിവസ്സവും വീട്ടിൽ അദ്ദേഹത്തെ കാണാൻ ചുരുങ്ങിയത് ഇരുപതു മെഡിക്കൽ റെപ്പുമാ രെങ്കിലും എത്തും. അവരുടെ ഇനാമുകൾ കേട്ടാൽ ഞെട്ടും. മുഴുവൻ ചില വോടു കൂടി രണ്ടുമൂന്നു ആഴ്ച ഇഷ്ട്ടമുള്ള വിദേശരാജ്യത്തു കുടുംബ ത്തോടൊപ്പം ടൂറിനുള്ള വിവിധ പാക്കേജുകൾ വരേ. വരുന്ന രോഗികൾ ക്കെല്ലാം അവരുടെ കമ്പനിയുടെ മരുന്നുകൾ ഒന്നു കുറിക്കണം. അത്രയേ വേണ്ടൂ.

ഞായറാഴ്ച പള്ളിയിൽ കുർബാനക്കിടയിൽ പലരും തുടർച്ചയായി തുമ്മുകയും ചുമക്കുകയും ചെയ്യുന്നതു ശ്രദ്ധിച്ചു. അതിൽ കുർബാന കഴിഞ്ഞു പുറത്തിറങ്ങിയ ഒരു സുഹൃത്തിന്റെ അടുക്കൽ എത്തി. “നന്നായി ചുമക്കുന്നല്ലോ, ഡോക്ടറെ കണ്ടില്ലേ ?”, ഞാൻ ചോദിച്ചു. “രണ്ടു തവണ കണ്ടു, ആന്റിബയോട്ടിക്കുൾപ്പടെ മരുന്നും വാങ്ങിച്ചു. ആഴ്ച മൂന്നായി, പക്ഷെ അസുഖം കുറയുന്നില്ല. ഞായറാഴ്ചക്കുർബാന മുടക്കാൻ മനസ്സനുവദിക്കാത്തതുകൊണ്ടു എത്തിയതാ”. തുടരുന്ന ചുമയ്ക്കിടെ അദ്ദേഹം പറഞ്ഞൊപ്പിച്ചു.

കേരളീയരുടെ അസുഖങ്ങൾ മാറാത്തതു കഴിവുള്ള ഡോക്ടർമാരുടെ അഭാവം കൊണ്ടോ, അവർ ശരിയായി രോഗനിർണയം നടത്താത്തതു കൊണ്ടോ അല്ല. മറിച്ച് അവർ കുറിക്കുന്ന മരുന്നുകളിൽ അവർ ഉദ്ദേശിക്കുന്ന പദാർത്ഥങ്ങൾ ശരിയായ അളവിലോ തൂക്കത്തിലോ ഇല്ലാത്തതുകൊണ്ടാണെന്നു മാത്രമല്ല, അതിലുണ്ടാവേണ്ട സാധനങ്ങൾ പല മരുന്നുകളിലും അപ്പാടെ തന്നെ ഇല്ലാത്തതു കൊണ്ടുമാണ്. ഗുളികകളുടെ വെള്ളിക്കവചത്തിൽ ഭൂതക്കണ്ണാടി വച്ചു പോലും വായിക്കാൻ പറ്റാത്ത രീതിയിൽ അടിച്ചുവച്ചിരിക്കുന്ന സാധനങ്ങൾ പറഞ്ഞിരിക്കുന്ന അളവിലോ തൂക്കത്തിലോ ഇല്ലാ എന്നു മാത്രമല്ല അതൊന്നും ആ ഗുളികകളിൽ മേമ്പൊടിക്കുപോലും ഇല്ലേ ഇല്ല എന്നതാണു വാസ്തവം.

വിറ്റമിൻ, മിനറൽ ഗുളികകൾ എന്നു പറഞ്ഞു വിവിധ വർണങ്ങളിൽ സുലഭമായ ഗുളികകളിൽ വിറ്റാമിനുകളുമില്ല മിനറലുകളുമില്ല. അതും

കുമ്മായം തന്നെ. കളർ ചേർത്ത കുമ്മായം. ഡോക്ടർ കുറിച്ചാലും അത് വേണ്ടാന്ന് വച്ച് ആ പണം കൊടുത്തു പച്ചക്കറികളും പഴങ്ങളും വാങ്ങി മലയാളികൾ കഴിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. അമ്പതു രൂപയോളം ഒരു ഗുളികക്ക് കൊടുത്തു നാം വാങ്ങിക്കുന്ന ആന്റിബയോട്ടിക്കിനു ഉത്പാദനച്ചിലവ് അഞ്ചു പൈസയേ ഉള്ളൂ. ഡോക്ടർമാരുടെ ഇനാമുകളുടെയും, മെഡിക്കൽ റെപ്പ് ഉൾപ്പടെയുള്ള ഇടനിലക്കാരുടെ ഭാരിച്ച കമ്മീഷനുകളുടെയും രഹസ്യവും മറ്റൊന്നല്ല.

മരുന്നു വ്യവസായം ഇന്നു ഗുജറാത്ത് ഉൾപ്പടെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ വീടുകളുടെ ടെറസ്സിലെ കുടിൽ വ്യവസായങ്ങളാ. ചെറുകിട വ്യവസായങ്ങൾക്കുള്ള ബാങ്കു വായ്പ്പയും ഗവണ്മെന്റ് സബ്സിഡികളും വാങ്ങി നടത്തുന്ന ഈ "അന്തർദേശീയ മരുന്നുനിർമ്മാണശാല കളിൽ" നിന്നു പടച്ചു വിട്ടു കേരളത്തിലെത്തുന്ന ഗുളികകളിൽ തൊണ്ണൂറു ശതമാന വും നമ്മുടെ വേമ്പനാട്ടുകായലിൽ നിന്നു തന്നെ വാരുന്ന കക്ക നീറ്റി യുണ്ടാക്കുന്ന കുമ്മായം എന്ന വെളുത്ത പൊടി [കാൽസ്യം കാർബോണറ്റ് എന്നു ശാസ്ത്രനാമം] ആണെന്ന് എത്ര പേർക്കറിയാം ?

ആഹാരമാലിന്യമായിപ്പോലും കുമ്മായം ശരീരത്തിനുള്ളിൽ കടന്നാൽ അതു കിഡ്നിയും കരളും തകർക്കുമെന്നിരിക്കെ, ഡോക്ടറുടെ നിർദേശപ്രകാരം ഈ 'കുമ്മായഗുളികകൾ' നാം പണം കൊടുത്തു വാങ്ങി ദിവസ വും മുടങ്ങാതെ മൂന്നും നാലും നേരം കഴിക്കുന്നു. രോഗശമനം കാണാത വരുമ്പോൾ ഡോക്ടർ വേറേ മരുന്നു കുറിക്കുകയോ, കുറിച്ചതിന്റെ ഡോസ് കൂട്ടി കുറിക്കുകയോ ചെയ്യുന്നു. ഫലമോ, രോഗം മാറുന്നില്ല എന്നു മാത്രമ ല്ല, മുമ്പില്ലാത്ത രോഗങ്ങൾ പുതുതായി ഉണ്ടാകുകയും ചെയ്യുന്നു. കിഡ്നി യും കരളും തകർക്കുകയും മിച്ചം. കിഡ്നി, കരൾ മാറ്റ ശസ്ത്രക്രിയകൾ എന്നത്തേക്കാളും കൂടുതലായി ഇപ്പോൾ നമ്മുടെ ആശുപത്രികളിൽ നടക്കുന്നത് ശ്രദ്ധിക്കേണ്ടതുണ്ട്.

ഇന്ത്യയിലെ ആകെ ജനസംഖ്യയായ നൂറ്റിമുപ്പത്തഞ്ചു കോടിയിൽ വെറും മൂന്നര കോടിയുള്ള കേരളത്തിൽ പ്രതിവർഷം 8000 കോടിയുടെ മരുന്നു വിറ്റഴിക്കപ്പെടുന്നു. റെക്കോഡ് കച്ചവടം. ജനസംഖ്യ കേരളത്തിന്റെ അഞ്ചിരട്ടിയുള്ള ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഇവിടുത്തേതിന്റെ പത്തിലൊന്നുപോലും മരുന്നു ചിലവാകുന്നില്ല. മൂന്നരക്കോടി മലയാളികൾ ചേർന്ന് പ്രതിവർഷം 8000 കോടി രൂപയുടെ മരുന്നു തിന്നു തീർക്കുന്നു. എങ്ങോട്ടാ നമ്മുടെ കൊച്ചു കേരളം, ദൈവത്തിന്റെ സ്വന്തം നാടു പായുന്നേ.. ?

പട്ടിണിയോ പോഷകാഹാരക്കുറവോ ഇല്ലാത്ത മലയാളി അലുമിനിയം ഫോയിലിൽ പൊതിഞ്ഞു ഗുളികയായി എത്തുന്ന വിഷം കഴിച്ചു മുമ്പെ ങ്ങും കേട്ടുകേൾവി പോലുമില്ലാത്ത രോഗങ്ങൾക്കടിമയാകുന്നു.

കേരളത്തിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാരവും വിലയും നിയന്ത്രിക്കേണ്ട തിരുവനന്തപുരത്തെ സംസ്ഥാന ഡ്രഗ് കൺട്രോളറും

മെഡിക്കൽ സർവീസസ് കോർപറേഷനും വെറും കടലാസ്സു പുലികളായി നിലകൊള്ളുന്നു. അവിടങ്ങളിലെ ചില ഉദ്യോഗസ്ഥർ നക്ഷത്ര ബംഗ്ളാവുകളും നഗരത്തിൽ ഫ്ളാറ്റുകളും ആഡംബരകാറുകളുമൊക്കെയായി വിലസുന്നു എന്നുള്ളതു വെറുതെ ചിരിച്ചു തള്ളേണ്ട ആരോപണങ്ങൾ മാത്രമോ?

ഉത്തരേന്ത്യൻ മരുന്നു കമ്പനിയുടമകൾ തിരുവനന്തപുരത്തു വന്നു നക്ഷത്ര ഹോട്ടലുകളിൽ തമ്പടിച്ചു കാണേണ്ടവരെയെല്ലാം വേണ്ടവിധം കാണുമ്പോൾ, യാതൊരു ടെസ്റ്റുകൾക്കും വിധേയമാക്കാതെ അവരുടെ കുമ്മായ ഗുളികകൾ നിർബാധം സർക്കാർ ആശൂപത്രികളിലേക്കും, മെഡിക്കൽ റെപ്പുമാർ വഴി പ്രൈവറ്റ് ആശുപത്രികളുടെ ഫാർമസികളിലേക്കും, മരുന്നു കടകളിലേക്കും നിർബാധം ഒഴുകുന്നു. മെഡിക്കൽ റെപ്പുമാരായി ബൈക്കുകളിൽ കറങ്ങുന്ന അഭ്യസ്തവിദ്യരായ നമ്മുടെ യുവാക്കൾക്കും ചാകര. രോഗികളായ നമ്മുടെ ഉറ്റവരും ഉടയവരും അത് വാങ്ങി കഴിച്ചു കിഡ്നിയും കരളും വരെ എന്നന്നേക്കുമായി തകർക്കുന്നു. ഇതിനൊരു അവസ്സാനമുണ്ടോ? ഈ പൂച്ചക്കാരു മണി കെട്ടും? മാസങ്ങൾക്കു മുമ്പ് പത്രങ്ങളിൽ വായിച്ചു നമ്മുടെ നിയമസഭയിൽ മരുന്നു നിർമാണ ഗുണനിലവാര നിയന്ത്രണ നിയമ ഭേദഗതി ബില്ലു വരുന്നു എന്ന്. പിന്നെയൊ ന്നും കേട്ടില്ല. അതെവിടെപ്പോയി ? ആരു മുക്കി ?

നമ്മുടെ നാടിന്റെ പൊതു പ്രശനം – എല്ലാത്തിനും എഴുതി വച്ചിരിക്കുന്ന നിയമങ്ങളുണ്ടെങ്കിലും അതെല്ലാം കടലാസ്സിൽ തന്നെ ഇരിക്കും. പണക്കൊതിയും സ്വാർത്ഥതാല്പര്യങ്ങളും കൈകോർത്തു നിന്ന് ആ നിയമങ്ങൾ കാറ്റിൽ പറത്തും. മാഫിയാകൾ രാഷ്ട്രീയക്കാരുടെ പിൻബലത്തോടെ പിന്നാമ്പുറങ്ങളിരിന്നു നാടു ഭരിക്കും. ഇതു തന്നെ മരുന്നു മാഫിയയും ചെയ്യുന്നു.

വിദേശ രാജ്യങ്ങളിൽ പല നിലകളിൽ ഗുണനിലവാരം പരിശോധിച്ചു ബോധ്യമായ മരുന്നുകൾ മാത്രം വിൽക്കാൻ അനുവദിക്കുകയും, പണക്കൊതിയനല്ലാത്ത ഡോക്ടറുടെ നിർദ്ദേശത്തോടെ അതു വാങ്ങി കഴിച്ചു രോഗം മാറി സന്തോഷത്തോടും സമാധാനത്തോടും കൂടെ മനുഷ്യൻ ദീർഘകാലം ജീവിക്കുമ്പോൾ, പാവം മലയാളി കുമ്മായഗുളികകൾ തിന്നു മാറാരോഗിയായി ജീവിതം തുലക്കുന്നു. കാരണക്കാരായവർ കൊഴുത്തു വീർക്കുന്നു. രോഗാലയമായി മാറിയിരി ക്കുന്ന ദൈവത്തിന്റെ സ്വന്തം നാട് മനസ്സു തകർന്നവരെക്കൊണ്ടു നിറയുന്നു. കേരളം യഥാർത്ഥ ഭ്രാന്താലയമാകാൻ അധികം വൈകില്ല.

ഇതൊന്നും തങ്ങളെ ബാധിക്കുന്ന കാര്യമല്ല എന്നു മനസ്സിൽ പറഞ്ഞു കണ്ണടച്ചിരുട്ടാക്കുന്ന, വീട്ടുകാർക്കുൾപ്പടെ സർക്കാർ ചിലവിൽ ചികിത്സ നേടുന്ന ജനപ്രതിനിധികൾ ഒരു കാര്യമോർക്കണം. നിങ്ങളും ബന്ധുക്കളും കഴിക്കുന്നതും ഈ കുമ്മായ ഗുളികകൾ തന്നെ.

കക്ഷി രാഷ്ട്രീയഭേദമില്ലാതെ യുദ്ധകാലാടിസ്ഥാനത്തിൽ അടിയന്തിരമായി മരുന്നു ഗുണനിലവാര നിയന്ത്രണ ഭേദഗതി ബിൽ നിയമസഭയിൽ കൊണ്ടു

വന്ന് അതു പാസ്സാക്കി രോഗചികിത്സാ രംഗത്തു മലയാളികൾ നേരിടുന്ന കൊടിയ ചൂഷണത്തിനു തടയിടാൻ എമ്മെല്ലെമാരെ ഓരോരുത്തരെയും ഞാൻ സ്നേഹപൂർവ്വം വെല്ലുവിളിക്കുന്നു. സമ്മർദ്ദങ്ങളുണ്ടാകും തീർച്ച. അകത്തുനിന്നും പുറത്തുനിന്നും. ചെറുത്തുനിൽക്കുവാനുള്ള ഊർജ്ജമുണ്ടാവണം. ഉദ്ദേശലക്ഷ്യത്തോടെ മുമ്പോട്ടു പോകുവാനുള്ള ആർജ്ജവമുണ്ടാവണം. വോട്ടർമാരായ ജനങ്ങളതു തിരിച്ചറിയും നാളെ. ചൂഷണ വിധേയരായിക്കൊണ്ടിരിക്കുന്ന ലക്ഷങ്ങളുടെ പേരിൽ ദൈവം നിങ്ങളെ അനുഗ്രഹിക്കു കയും ചെയ്യും.

___